**നം.ഇ.എക്സ്.എ4/18700/2024/സി.ജി.ഇ.**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 14/05/2024.

# സർക്കുലർ

വിഷയം : **2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ-** ഉത്തരക്കടലാസ് **റീവാല്യുവേഷൻ (പുനർമൂല്യനിർണ്ണയം),ഫോട്ടോകോപ്പി, സ്ക്രൂട്ടിണി (സൂക്ഷ്മപരിശോധന)**ക്യാമ്പ് ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1. പരീക്ഷാകമ്മീഷണറുടെ **16/10/2023** തീയതിയിലെ .എക്സ്/സി.ജനറൽ(1)/42000/2023/ സി.ജി.ഇ.നമ്പർ വിജ്ഞാപനം.
2.10/05/2024 ലെ ഇതേ നമ്പർ കത്ത്.

**2024 മാർച്ച് മാസം നടന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകൾ റീവാല്യുവേഷൻ (പുനർമൂല്യ നിർണ്ണയം), സ്ക്രൂട്ടിണി (സൂക്ഷ്മ പരിശോധന), ഫോട്ടോകോപ്പി വിതരണം** എന്നിവ കഴിഞ്ഞ വർഷത്തെപ്പോലെ അതതു കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ തന്നെ നടത്തുന്നതാണ്. ഇതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ സി.വി.ക്യാമ്പിലും റീവാല്യുവേഷൻ, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്കായി ഓൺലൈനിൽ അപേക്ഷിച്ച് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ വെരിഫൈ ചെയ്ത് പരീക്ഷാർത്ഥികളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള രജിസ്റ്റർ നമ്പർ അടങ്ങിയ ലിസ്റ്റ് മൂല്യനിർണ്ണയ ക്യാമ്പ് ആഫീസർക്ക് **iExam Tab** വെബ്സൈറ്റിൽ **Camp Officer Login**-ൽ നിന്നും **17/05/2024** രാവിലെ 10 മണി മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ലിസ്റ്റ് പ്രകാരമുള്ള ഉത്തരപേപ്പറുകൾ **17/05/2024** മുതൽ **18/05/2024** വരെ തെരഞ്ഞെടുത്ത് രജിസ്റ്റർ നമ്പർ ക്രമത്തിൽ 12/18 എണ്ണം വീതം ഓരോ സി.വി. കവറിലാക്കി റീ വാല്യുവേഷൻ, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിങ്ങനെ മൂന്ന് വിഭാഗമായി തരംതിരിച്ച് വയ്ക്കേണ്ടതാണ്. **20/05/2024** തീയതിക്ക് ഉള്ളിൽ തെരഞ്ഞെടുത്ത ഉത്തരക്കടലാസുകളിൽ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് മായ്ച്ചുകളഞ്ഞ് പുനർമൂല്യനിർണ്ണയത്തിനായി തയ്യാറാക്കേണ്ടതാണ്.

1. മൂല്യനിർണ്ണയ ക്യാമ്പിൽ ലഭിക്കുന്ന രജിസ്റ്റർ നമ്പറുകളിൽ സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവ ആദ്യം ചെയ്യേണ്ടതാണ്.
2. സ്ക്രൂട്ടിണി, ഫോട്ടോകോപ്പി, റീവാല്യൂവേഷൻ എന്നീ മൂന്ന് ഇനത്തിലും അപേക്ഷിച്ചിരിക്കുന്ന രജിസ്റ്റർ നമ്പറുകളിലെ ഉത്തരക്കടലാസുകൾ ഫോട്ടോകോപ്പി എടുത്ത് സ്ക്രൂട്ടിണി നടത്തിയതിനു ശേഷം മാത്രമേ പുനർമൂല്യനിർണ്ണയത്തിന് വേണ്ടി ഉത്തരക്കടലാസിൽ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് മായിച്ചുകളയാൻ പാടുള്ളൂ.
3. റീവാല്യുവേഷനായി അയച്ചിരിക്കുന്ന ഓരോ ഉത്തരപേപ്പറുകളുടെയും രജിസ്റ്റർ നമ്പർ അടുത്ത പേജിന്റെ മുകളിൽ ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം മെയിൻ ഷീറ്റിൽ പേന ഉപയോഗിച്ച് മാർക്ക് രേഖപ്പെടുത്തിയ പേജ് കീറിമാറ്റി പ്രത്യേക സി.വി. കവറിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രജിസ്റ്റർ നമ്പർ അടുത്ത പേജിലേക്ക് എഴുതുമ്പോൾ രജിസ്റ്റർ നമ്പർ മാറ്റം വരാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ഉത്തരക്കടലാസിന്റെ ആദ്യത്തെ പേജ് (മാർക്ക് പേന ഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്) മുറിച്ചുമാറ്റി ടാഗ് ചെയ്ത് പ്രത്യേകം സി.വി. കവറിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.
5. ഇപ്രകാരം മുറിച്ച് സൂക്ഷിക്കുന്ന മെയിൻ ഷീറ്റുകൾ ഉൾപ്പെട്ട സി.വി. കവറുകളും ഉത്തരക്കടലാസുകൾ ഉൾപ്പെട്ട സി.വി. കവറുകളും ഒരുമിച്ച് അടുക്കി വയ്ക്കേണ്ടതാണ്.
6. താങ്കളുടെ മൂല്യനിർണ്ണയക്യാമ്പിൽ ലഭിച്ചിട്ടുള്ള എല്ലാ രജിസ്റ്റർ നമ്പറിലും ഉള്ള ഉത്തരക്കടലാസുകൾ കൃത്യമായും മുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൃത്യതയോടും, സൂക്ഷ്മതയോടും നടത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇതിൽ എന്ത് വീഴ്ച സംഭവിച്ചാലും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ക്യാമ്പ് ആഫീസർക്ക്, ക്ലാർക്ക്, ഒ.എ. എന്നിവർക്കായിരിക്കും.

ഒരു ഉത്തരപേപ്പർ തെരഞ്ഞെടുത്ത് വയ്ക്കുന്നതിന് 2/- രൂപ നിരക്കിൽ സെർച്ചിംഗ് ഫീ നൽകുന്നതാണ്. ലിസ്റ്റിൽ ഉള്ള ഏതെങ്കിലും രജിസ്റ്റർ നമ്പരിലെ ഉത്തരക്കടലാസ് ടി ക്യാമ്പിൽ മൂല്യനിർണ്ണയം നടത്താൻ കഴിയില്ലെങ്കിൽ ആ വിവരം **21/05/2024** തീയതി വൈകിട്ട് **5** മണിക്ക്

മുമ്പ് പരീക്ഷാഭവനിലേയ്ക്ക് **cgeasection@gmail.com** എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്ത് അറിയിക്കേണ്ടതാണ്.

ഉത്തരക്കടലാസ്സുകളുടെ റീവാല്യുവേഷൻ, സ്ക്രൂട്ടിണി, പകർപ്പ് എടുക്കൽ എന്നിവ **21/05/2024** മുതൽ **23/05/2024** വരെയുള്ള തീയതികളിൽ നടത്തേണ്ടതും മാർക്ക് ക്യാമ്പുകളിൽ ഡബിൾ എൻട്രി നടത്തേണ്ടതുമാണ്. മാർക്ക് എൻട്രി നടത്തുന്നതിനായി മെയ് മാസത്തെ കേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പിൽ പങ്കെടുത്ത യോഗ്യരായ ഒരു ഐ.റ്റി മാനേജരെയും 2 ഡാറ്റാ എൻട്രി അദ്ധ്യാപകരെയും ക്യാമ്പ് ഓഫീസർമാർ തെരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുത്ത ഐ.റ്റി മാനേജർ/ഡേറ്റാ എൻട്രിയുടെ പേരുവിവരം **21/05/2024** തന്നെ ടി ഓഫീസിലെ cgeasection@gmail.comഎന്ന ഇ-മെയിൽ അഡ്രസിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.മെയ് മാസത്തെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെചുമതല വഹിച്ച ക്യാമ്പ് ആഫീസർ, ഡെപ്യൂട്ടി ക്യാമ്പ് ആഫീസർ എന്നിവർക്ക് തന്നെ ആയിരിക്കും പുന:മൂല്യനിർണ്ണയത്തിനായുള്ള ക്യാമ്പിന്റെയും ചുമതലകൾ. ടാബുലേഷൻ പ്രവർത്തനങ്ങൾ **23/05/2024** ന് വൈകിട്ട് തന്നെ പൂർത്തികരിക്കേണ്ടതാണ്.

മെയ് മാസത്തെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുകയും റീവാല്യുവേഷൻ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ സമ്മതം രേഖപ്പെടുത്തി നൽകിയിട്ടുളളവരുമായ അസിസ്റ്റന്റ് എക്സാമിനർമാരിൽ നിന്നും റീവാല്യുവേഷൻ, സ്ക്രൂട്ടിണി എന്നിവ നടത്തുന്നതിനുള്ള എക്സാമിനർമാരെ ക്യാമ്പിലെ ആവശ്യകതയ്ക്ക് അനുസരിച്ച് അതത് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ആഫീസർമാർ തെരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുത്തവരുടെ പേരുവിവരങ്ങൾ പരീക്ഷാഭവനിലേക്ക് **21/05/2024** നു തന്നെ ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

**റീവാല്യുവേഷൻ**

റീവാല്യുവേഷൻ നടത്തുമ്പോൾ ഓരോ ഉത്തരക്കടലാസും രണ്ട് എക്സാമിനർമാർ മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്. ഇവർ നൽകുന്ന മാർക്കിന്റെ ശരാശരിയാണ് റീവാല്യുവേഷൻ പ്രകാരമുള്ള മാർക്കായി പരീക്ഷാർത്ഥിക്ക് നൽകുന്നത്. റീവാല്യുവേഷനായുള്ള ആകെ

ഉത്തരക്കടലാസുകളെ (സി.വി. ക്യാമ്പിൽ ലഭിക്കുന്നതുപോലെ) 12/18 എണ്ണം വീതം ഓരോ സി.വി.കവറിലും ഉള്ളടക്കം ചെയ്ത് ഓരോ പായ്ക്കറ്റ് വീതം ഓരോ എക്സാമിനർക്ക് ഓരോ സെഷനിലെ മൂല്യനിർണ്ണയത്തിന് നൽകേണ്ടതാണ്. ആകെയുള്ള എക്സാമിനർമാരെ രണ്ട് ഗ്രൂപ്പായി തിരിച്ച് രണ്ട് മുറികളിലാക്കി ഇരുത്തേണ്ടതാണ്. ആദ്യത്തെ മുറിയിൽ നൽകിയ പേപ്പറുകൾ പിന്നീടുള്ള സെക്ഷനിൽ/ദിവസം രണ്ടാമത്തെ മൂല്യനിർണ്ണയത്തിനായി അടുത്ത ഗ്രൂപ്പിന് നൽകേണ്ടതാണ്. ഒരാൾക്ക് നൽകിയ സി.വി. കവറും, സ്കോർ ഷീറ്റുകളും തിരികെ ലഭിച്ച് സ്കോർ ഷീറ്റ് മാറ്റി വച്ചതിന് ശേഷമാണ് ഉത്തരക്കടലാസ് രണ്ടാംവട്ട മൂല്യനിർണ്ണയത്തിനായി അടുത്ത ഗ്രൂപ്പിലെ എക്സാമിനർമാർക്ക് നൽകേണ്ടത്. ആദ്യത്തെ എക്സാമിനർ നൽകിയ മാർക്ക് വിവരം യാതൊരു കാരണവശാലും രണ്ടാമത്തെ എക്സാമിനർ അറിയാൻ പാടില്ല. മൂല്യനിർണ്ണയക്യാമ്പിൽ ലഭിച്ച ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിനായി ആദ്യ മൂല്യനിർണ്ണയം നടത്തിയ എക്സാമിനർക്ക് തന്നെ ലഭിക്കുന്ന സാഹചര്യം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലാത്തതും ആയത് ക്യാമ്പ് ആഫീസർ ഉറപ്പാക്കേണ്ടതുമാണ്.

മാർക്ക് ഷീറ്റിൽ ഉത്തരസൂചികയിൽ നൽകിയിരിക്കുന്ന പ്രകാരം ഓരോ ചോദ്യത്തിലെയും ഓരോ വാല്യൂ പോയിന്റിനും പ്രത്യേകം പ്രത്യേകം മാർക്ക് നൽകിയതിനുശേഷം ആകെ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി 1, 2, 2 ക്രമത്തിൽ 3 വാല്യൂ പോയിന്റിന് 5 മാർക്ക് ഉള്ള ഒരു ചോദ്യത്തിന് റീവാല്യുവേഷനിൽ 1, 1, 2 മാർക്ക് ക്രമത്തിൽ 4 ½ മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ മാർക്ക് ഷീറ്റിൽ 1+1 ½+2 = 4 ½ എന്നു തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഒരു ഉത്തരക്കടലാസ്സിന് ലഭിക്കുന്ന ആകെ മാർക്ക് മാർക്ക് ഷീറ്റിന്റെ ഗ്രാൻഡ് ടോട്ടൽ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ആകെ മാർക്കിൽ ½ മാർക്ക് വന്നാൽ അതിനെ പൂർണ്ണസംഖ്യയാക്കേണ്ടതില്ല. മൂല്യനിർണ്ണയ ക്യാമ്പിൽ നിയമിക്കപ്പെട്ടിരുന്ന അഡീഷണൽ ചീഫ് എക്സാമിനർമാരിൽ നിന്നും സീനിയറായ രണ്ടുപേരെ പുന:മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്കുള്ള അഡീഷണൽ ചീഫ് എക്സാമിനർമാരായി ക്യാമ്പ് ഓഫീസർ നിയമിക്കേണ്ടതാണ്.

- ❖ എക്സാമിനർമാർക്ക് പുനർമൂല്യനിർണ്ണയത്തിനായി ഉത്തരക്കടലാസുകൾ വിതരണം ചെയ്യേണ്ടതും മൂല്യനിർണ്ണയത്തിനുശേഷം തിരികെ വാങ്ങേണ്ടതും അഡീഷണൽ ചീഫ് എക്സാമിനറാണ്.
- ❖ മെയ് മാസത്തിൽ നടന്ന സി.വി. ക്യാമ്പിൽ ഒരു എക്സാമിനർ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ് അതേ എക്സാമിനർമാർക്ക് തന്നെ റീവാല്യുവേഷൻ നടത്തുന്നതിന് ലഭിക്കുന്നില്ല എന്ന് അഡീഷണൽ ചീഫ് എക്സാമിനർ ഉറപ്പാക്കേണ്ടതാണ്.
- ❖ അഡീഷണൽ ചീഫ് എക്സാമിനർമാർ ആകെ 20% എണ്ണം പേപ്പറുകൾ പുനർമൂല്യനിർണ്ണയം ചെയ്യേണ്ടതാണ്.

<u>റീവാല്യുവേഷൻ, സ്ക്രൂട്ടിണി എന്നിവ നടത്തുമ്പോൾ എക്സാമിനർമാർ ഉത്തരക്കടലാസ്സിൽ ഒരുവിധ രേഖപ്പെടുത്തലുകളോ, തിരുത്തലുകളോ നടത്തുവാൻ പാടുള്ളതല്ല.</u> ഓരോ എക്സാമിനറും റീവാല്യുവേഷൻ നടത്തിയതിന് ശേഷം ഉത്തരക്കടലാസ്സിന് മുകളിൽ പ്രത്യേകം പ്രത്യേകം "**Revalued**"സീൽ പതിക്കേണ്ടതാണ്. ഇതിന് വ്യത്യസ്ത മഷിയിലെ **inkpad** ഉപയോഗിക്കേണ്ടതാണ്.

റീവാല്യുവേഷനുള്ള പ്രത്യേക മാർക്ക് ഷീറ്റ് ഈ ആഫീസിൽ നിന്നും അതത് ക്യാമ്പിലേക്ക് നൽകിയിട്ടുണ്ട്. ഒരു ഉത്തരക്കടലാസ് 2 എക്സാമിനർമാർ റീവാല്യുവേഷൻ നടത്തുമ്പോൾ വെവ്വേറെ കളറിലുള്ള മാർക്ക് ഷീറ്റ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. മാർക്ക് ഷീറ്റിൽ **Previous Mark** രേഖപ്പെടുത്തേണ്ടതില്ല. പുനർമൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്ക് ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും അതിന്റെ പകർപ്പ് മാർക്ക് ഷീറ്റിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്. റീവാല്യുവേഷന് ശേഷം ഒരു രജിസ്റ്റർ നമ്പറിന്റെ രണ്ട് മാർക്ക് ഷീറ്റുകളും **Staple**ചെയ്യേണ്ടതും, പിന്നീട് രജിസ്റ്റർ നമ്പർ ക്രമത്തിൽ അടുക്കി കവറിനു പുറത്ത് **എസ്.എസ്.എൽ.സി.2024 റീവാല്യുവേഷൻ** എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി എന്നിവ നടത്തിയ സ്കോർ ഷീറ്റുകൾ പരീക്ഷാഭവനിൽ നിന്നും നിയോഗിക്കപ്പെടുന്ന ജീവനക്കാർ മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതായിരിക്കും.

**<u>സ്ക്രൂട്ടിണി</u>**

റീവാല്യുവേഷനിൽ പങ്കെടുക്കുന്ന അദ്ധ്യാപകർ തന്നെ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിണിയും നടത്തേണ്ടതാണ്. ഉത്തരക്കടലാസ് സ്ക്രൂട്ടിണി നടത്തുമ്പോൾ, പരീക്ഷാർത്ഥി എഴുതിയ എല്ലാ ഉത്തരങ്ങൾക്കും സ്കോർ നൽകിയിട്ടുണ്ടോ എന്നും, ആയത് കുട്ടി എഴുതിയിരിക്കുന്നത് ശരിയാണോ എന്നുമാണ് പരിശോധിക്കേണ്ടത്. ഇതിനായി ഉത്തരക്കടലാസ് വീണ്ടും മൂല്യനിർണ്ണയം നടത്തേണ്ടതില്ല. ഓരോ രജിസ്റ്റർ നമ്പരിനും ആദ്യം ലഭിച്ചിട്ടുള്ള മാർക്കും സ്ക്രൂട്ടിണിയ്ക്ക് ശേഷമുള്ള മാർക്കും അടങ്ങിയ സ്കോർ ഷീറ്റ് റീവാല്യുവേഷൻ സ്കോർ ഷീറ്റിനൊപ്പം **"എസ്.എസ്.എൽ.സി 2024 സ്ക്രൂട്ടിണി"**എന്ന് രേഖപ്പെടുത്തി പ്രത്യേകം കവറിലാക്കി പരീക്ഷാഭവനിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർ കൈവശം നൽകേണ്ടതാണ്. സ്ക്രൂട്ടിണിയ്ക്കായി ഈ സർക്കുലറിനൊപ്പം ചേർത്തിരിക്കുന്ന പ്രത്യേക സ്കോർ ഷീറ്റ് ഉപയോഗിക്കേണ്ടതാണ്.

**<u>ഫോട്ടോ കോപ്പി</u>**

ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പികൾക്കായി അപേക്ഷിച്ചിരിക്കുന്ന രജിസ്റ്റർ നമ്പറുകളിൽ പുനർമൂല്യനിർണ്ണയത്തിനായി സ്ക്രിപ്റ്റുകൾ തയ്യാറാക്കുന്നതിന് മുൻപ് തന്നെ ഫോട്ടോകോപ്പി എടുക്കേണ്ടതാണ്. ഫോട്ടോകോപ്പിക്കായി അപേക്ഷിച്ചിരിക്കുന്ന രജിസ്റ്റർ നമ്പരുകളിൽ ഫോട്ടോ കോപ്പി എടുത്ത് സ്കൂൾ അഡ്രസ്സിൽ രജിസ്റ്റേർഡ് ആയി ക്യാമ്പിൽനിന്ന് അയക്കേണ്ടതാണ്. ക്യാമ്പ് അവസാനിക്കുന്നതിന് മുൻപ് തന്നെ ഇവ അയയ്ക്കുകയും വിശദവിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ആയതിന്റെ വിശദവിവരം **<u>cgeasection@gmail.com</u>**എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതുമാണ്. ഫോട്ടോകോപ്പി എടുക്കുന്നത് ക്യാമ്പ് ആഫീസറുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

റീവാല്യുവേഷനിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് മൂല്യനിർണ്ണയത്തിന് നൽകിയ നിരക്കിൽ യാത്രാബത്തയും ദിനബത്തയും നൽകുന്നതാണ്. കൂടാതെ ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് 9/- രൂപ നിരക്കിലും മറ്റ് വിഷയങ്ങൾക്ക് 7.20 രൂപ നിരക്കിലും റെമ്യൂണറേഷൻ നൽകാവുന്നതാണ്.

സ്ക്രൂട്ടിണിയ്ക്ക് റീവാല്യുവേഷൻ ചാർജ്ജിന്റെ പകുതി എന്ന ക്രമത്തിൽ നൽകാവുന്നതാണ്. എന്നാൽ ഡി.എ. അനുവദിക്കുന്നതല്ല.സ്ക്രൂട്ടിണിയ്ക്കുള്ള സ്റ്റേറ്റ്മെന്റിന്റെ മാതൃക ഇതോടൊപ്പം നൽകിയിരിക്കുന്നു.റീവാല്യുവേഷൻ സംബന്ധിച്ച് എന്തെങ്കിലും കൂടുതൽ വിവരങ്ങൾ അറിയിക്കേണ്ടതുണ്ടെങ്കിൽ **0471–2546816, 9447175089**എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**സെക്രട്ടറി**

<u>**പകർപ്പ്**</u>:-

1. എല്ലാ ക്യാമ്പ് ഓഫീസർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. സിസ്റ്റം മാനേജർ.

# SSLC EXAMINATION MARCH 2024
# SCRUTINY OF ANSWER SCRIPTS - SCORESHEET

Name of Valuation Camp :
Subject :

| *Reg. No.* | *Score in the script before scrutiny* | *Score in the script after Scrutiny* | *Remarks* |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

***Signature with Name and Address of Additional Chief Examiner***

***Signature with Name and Address of Assistant Examiner***

**ഉത്തരക്കടലാസ്സിന്റെ പകർപ്പിനൊപ്പം ഓരോ പരീക്ഷാ സെന്ററിലേയ്ക്കും അയച്ചു കൊടുക്കേണ്ട കത്തിന്റെ മാതൃക.**

നം.

പ്രേഷിതൻ

സ്വീകർത്താവ്

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി പരീക്ഷ 2024 ഉത്തരക്കടലാസ്സുകളുടെ പകർപ്പ് അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- പരീക്ഷാകമ്മീഷണറുടെ **16/10/2023** തീയതിയിലെ . ഇ.എക്സ്/സി.ജനറൽ(1)/42000/2023/സി.ജി.ഇ.നമ്പർ വിജ്ഞാപനം.

സൂചന പരിപത്രത്തിൽ നിർദ്ദേശിച്ചതിൻ പ്രകാരം, 2024 എസ്.എസ് എൽ.സി പരീക്ഷയുടെ ............................................ പേപ്പറിലെ ........................ എന്നീ രജിസ്റ്റർ നമ്പരുകൾ പ്രകാരമുള്ള ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പി ഇതോടൊന്നിച്ചയയ്ക്കുന്നു. ഇത് എത്രയും വേഗം ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

ക്യാമ്പ് ആഫീസർ

(ആഫീസ് സീൽ)